# കേരള സർക്കാർ

## സംഗ്രഹം

ഫിഷറീസ് - അഡാക്ക് മുഖേനയുള്ള മത്സ്യവിത്ത് വിതരണത്തിന്റെ നിരക്ക് നിശ്ചയിച്ച് - ഉത്തരവാകുന്നു.

---

## മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

## സ.ഉ.(സാധാ) നം.877/2018/മ.തു.വ   തീയതി,തിരുവനന്തപുരം, 05/11/2018

---

പരാമർശം:-

1 30.07.2016-ലെ സ.ഉ (കൈ) 21/16/മതുവ നമ്പർ ഉത്തരവ്.

2 ഫിഷറീസ് ഡയറക്ടറുടെ 01.06.2018 തീയതിയിലെ സി2/21009/10 നമ്പർ കത്ത്.

3 ഫിഷറീസ് ഡയറക്ടറുടെ 17.10.2018 തീയതിയിലെ സി2/21009/10 (1)നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ ഹാച്ചറികളിലെയും ഫാമുകളിലെയും മത്സ്യക്കുഞ്ഞുങ്ങളുടെ വില പരാമർശം 1-ലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു. വിവിധ സർക്കാർ പദ്ധതികൾക്കായി ആവശ്യമായി വരുന്ന മത്സ്യക്കുഞ്ഞുങ്ങൾ അഡാക്ക് മുഖേന ടെണ്ടർ ക്ഷണിച്ച് കേന്ദ്രീകൃതമായി വിതരണം ചെയ്തു വരുന്ന സാഹചര്യത്തിൽ, 10% മാർജിൻ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ കാണുന്ന നിരക്കിൽ (പാക്കിംഗ് & ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ) അഡാക്കിൽ നിന്നും വിതരണം ചെയ്യുന്നതിനായി പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. മത്സ്യക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം, നിരക്ക് എന്നിവ ഉറപ്പ് വരുത്തുന്നതിന് അഡാക്ക് ഉദ്യോഗസ്ഥർ മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന പോലെ നടപടികൾ സ്വീകരിക്കുന്നതാണെന്നും, അഡാക്ക് സമർപ്പിച്ച ശുപാർശ പ്രകാരമുള്ള നിരക്ക് ന്യായമാണെന്ന് വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി യോഗം വിലയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ വിവിധ സർക്കാർ പദ്ധതികൾക്കായി ആവശ്യമായി വരുന്ന മത്സ്യക്കുഞ്ഞുങ്ങൾ അഡാക്കിൽ നിന്നും വിതരണം ചെയ്യുന്നതിന് 10% മാർജിൻ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ കാണുന്ന നിരക്ക് അംഗീകരിച്ച് നൽകണമെന്നും പരാമർശം(3) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| Sl.No | Name of species | Size | Quantity (in Nos.) | Existing Govt. rate of seed without transportation and packing (Rs). | Revised rate proposed by ADAK including transportation and packing (Rs). |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | Catla | Spawn | 1 lakh | 2000 | 2200 |
| | | 40-60mm | 100 | 60 | 46 |
| | | 60-80mm | 100 | 60 | 92 |
| 2 | Rohu | Spawn | 1 lakh | 2000 | 2200 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 40–60mm | 100 | 60 | 46 |
| | | 60–80mm | 100 | 60 | 90 |
| 3 | Mrigal | Spawn | 1 lakh | 2000 | 2200 |
| | | 40–60mm | 100 | 40 | 42 |
| | | 60–80mm | 100 | 40 | 65 |
| 4 | Grass Carp | 40–60mm | 100 | 90 | 58 |
| | | 60–80mm | 100 | 90 | 95 |
| 5 | Silver Carp | 40–60mm | 100 | 90 | 58 |
| 6 | Common Carp | 40–60mm | 100 | 40 | 42 |
| | | 60–80mm | 100 | 40 | 95 |
| 7 | Pangasius | 40–60mm | 100 | 200 | 176 |
| 8 | Kaari | 40–80mm | 100 | | 413 |
| 9 | Mushi | 60–80mm | 100 | | 413 |
| 10 | Murrel | 60–80mm | 100 | | 462 |
| 11 | Scampi PL-20 | ----- | 100 | 100 | 44 |
| 12 | Pearl Spot | 25–40mm | 100 | 800 | 704 |
| | | 40–60mm | 100 | 1000 | 930 |
| 13 | GIFT | 40–60mm | 100 | 800 | 539 |
| 14 | Kallemutti | 25–40mm | 100 | | 275 |
| 15 | Mussel | 30–40mm | Per Kg | | 93 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ പദ്ധതികൾക്കായി ആവശ്യമായി വരുന്ന മത്സ്യക്കുഞ്ഞുങ്ങൾ അഡാക്കിൽ നിന്നും വിതരണം ചെയ്യുന്നതിനായി മേൽ പറഞ്ഞ നിരക്ക് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ